മുഖ്യമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ): ഈ നിയമത്തിന്റെ ഉദ്ദേശം കഴിങ്കിനിയൽ റിവിഷനെ സംബന്ധിച്ച് ഗവൺമെന്റിന്റെ മുൻപാകെ ആക്ഷേപം വന്നപ്പോഴാ ഗവൺമെന്റിനു അതു നീട്ടിവയ്ക്കാനുള്ള അധികാരമില്ലായിരുന്നു. ആ അധികാരം നൽകാൻവേണ്ടിയാണു കൊണ്ടുവന്നത്. ഈ അധികാരം നൽകുന്നതുകൊണ്ട് നീട്ടിവയ്ക്കണമെന്നല്ല പറയുന്നത്. പിന്നെ മുനിസിപ്പൽ നിയമത്തിൽ സമഗ്രമായ ഒരു മാറ്റം വരുത്തുന്ന കാര്യം ഗവൺമെന്റിന്റെ സജീവമായ പരിഗണനയിലുണ്ട്. അതിനുള്ള നടപടികളും നടന്നുകൊണ്ടിരിക്കുകയാണ്. അതുവരെ ഇതു നീട്ടിവയ്ക്കുന്നത് ശരിയല്ല. ഇതു പാസ്സാക്കിത്തരണമെന്നു അഭ്യർത്ഥിക്കുന്നു.

The amendment moved by Sri P. P. Esthose was put and lost.

The question that the Kerala Municipalities (Third Amendment) Bill, 1979, be taken into consideration was put and carried.

The Bill was taken into consideration.

Clauses 2 to 4

The question that clauses 2 to 4 stand part of the Bill, was put and carried.

Clauses 2 to 4 were added to the Bill.

Clause 1, Preamble and Title

The question that clause 1, Preamble and Title stand part of the Bill was put and carried.

Clause 1, Preamble and Title were added to the Bill.

Chief Minister **(Sri C. H. Mohammed Koya):** Sir, I move that the Kerala Municipalities (Third Amendment) Bill, 1979, may be finally passed.

Minister **(Sri N. Bhaskaran Nair):** Sir, I second it.

The question that the Kerala Municipalities (Third Amendment) Bill, 1979 may be finally passed, was put and carried.

The motion was adopted and the Bill was finally passed.

iv. 1979-ലെ കേരള പഞ്ചായത്തുകൾ (ഭേദഗതി) ബിൽ

Chief Minister **(Sri C. H. Mohammed Koya):** Sir, I introduce the Kerala Panchayats (Amendment) Bill, 1979. I also lay on the table a copy of the statement explaining the circumstances which had necessitated the immediate legislation by promulgation of an Ordinance.

Mr. Chairman: The bill stands introduced.

Sri C. H. Mohammed Koya: Sri, I move that the Bill may be taken into consideration.

LIBRARY ARCHIVES Kerala Legislative Assembly

Minister **(Sri N. Bhaskaran Nair):** Sir, I second it.

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: ഇതു വളരെ ലളിതമായ ഒരു ബില്ലാണ്. സ്റ്റേറ്റുമെൻറ് ഓഫ് ഒബ്ജക്ടസ് ആൻറ് റീസൺസിൽ കാര്യങ്ങളെല്ലാം പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് വാദപ്രതിവാദം കൂടാതെ ഇത് പാസ്സാക്കിത്തരണമെന്നു അഭ്യർത്ഥിക്കുന്നു.

ശ്രീ. ആർ. എസ്. ഉണ്ണി: സ്റ്റേറ്റുമെൻറ് കിട്ടിയിട്ടില്ല. ആർഡിനൻസ് റീപ്ലേസ് ചെയ്യുന്ന ബില്ലിനെ സംബന്ധിച്ച് സ്റ്റേറ്റുമെൻറ് വിതരണം ചെയ്യാറുണ്ട്.

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: അതു ചെയ്യുന്നതാണ്.

Sri M. K. Krishnan: Sir, I move that the Kerala Panchayat (Amendment) Bill, 1979 be circulated for eliciting public opinion till 30th March 1980.

സർ, ഈ ബിൽ അവതരിപ്പിച്ചുകൊണ്ടു മുഖ്യമന്ത്രി പറഞ്ഞു, ഇതു ചർച്ച കൂടാതെ പാസ്സാക്കിത്തരണമെന്ന്, വളരെ ചെറിയ ഒരു കാര്യമാണെന്നും പറഞ്ഞു. ഈരാറ്റുപേട്ട പഞ്ചായത്തിനെ സൂപ്പർസീഡ് ചെയ്തുകൊണ്ട് ഗവൺമെൻറ് എടുത്ത നടപടിക്ക് അംഗീകാരം നൽകുന്നതിന് പഞ്ചായത്ത് ആക്ടിൽ വരുത്തുന്ന ചെറിയ ഒരു ഭേദഗതിയാണിത്. ഇതു വളരെ ലഘുവായ ഒരു ഭേദഗതിയല്ല. പഞ്ചായത്ത് ആക്ടിലെ 55-ാം വകുപ്പിൽ ഒന്നാം ഉപവകുപ്പിന് വരുത്തുന്ന ഒരു ഭേദഗതിയാണ്. ഈ ഭേദഗതിയെ സംബന്ധിച്ചിടത്തോളം എനിക്കു പറയാനുള്ളത്, ഒരു പഞ്ചായത്ത് നിയമപ്രകാരം പ്രവർത്തിക്കുന്നില്ലെന്നു കണ്ടാൽ ഗവൺമെൻറിന് ആ പഞ്ചായത്തിനെ സൂപ്പർസീഡ് ചെയ്യാനുള്ള അധികാരം നൽകുന്ന വ്യവസ്ഥ ചൂണ്ടിക്കാണിക്കുന്നത് പഞ്ചായത്ത് ആക്ടിലെ 55-ാം വകുപ്പിൽ ഒന്നാം ഉപവകുപ്പിലാണ്. അങ്ങനെ ചെയ്യുമ്പോഴും രണ്ടു വർഷത്തെ കാലാവധിയാണ് നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഇപ്പോഴും കൊണ്ടുവന്നിരിക്കുന്ന ഭേദഗതി രണ്ടു വർഷം എന്നത് മൂന്നു വർഷമാക്കി വർദ്ധിപ്പിക്കണമെന്നാണ്. അങ്ങനെ രണ്ടു വർഷം എന്നത് മൂന്നു വർഷമാക്കി വർദ്ധിപ്പിക്കുന്നതിന് ഇടയായ സാഹചര്യം എന്താണ്? ഈരാറ്റുപേട്ട പഞ്ചായത്തിനെ പിരിച്ചുവിട്ടുകൊണ്ട് ഗവൺമെൻറ് എടുത്ത നടപടിയാണ്. ഈ നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതനുസരിച്ച് രണ്ടു വർഷത്തിനുശേഷം ആ പഞ്ചായത്ത് പുനഃസംഘടിപ്പിക്കാൻ കഴിയാതെ പോയി. അങ്ങനെ എക്സിക്യൂട്ടീവ് ചെയ്ത ഒരു അപരാധത്തിന് പഞ്ചായത്ത് നിയമത്തിൽ ദൂരവ്യാപകമായ ഫലങ്ങളും ഉളവാക്കുന്ന ഒരു ഭേദഗതി നിർദ്ദേശിക്കുകയാണ് ചെയ്യുന്നത്. നിയമപ്രകാരം പഞ്ചായത്തിൻെറ കാലാവധി അഞ്ചു വർഷമാണ്. അങ്ങനെ അഞ്ചു വർഷം മാത്രം കാലാവധിയുള്ള ഒരു പഞ്ചായത്ത് നന്നായി പ്രവർത്തിക്കുന്നില്ലെന്ന് ഗവൺമെൻറിനു തോന്നിയാൽ അതിനെ സൂപ്പർസീഡ് ചെയ്യാം. അങ്ങനെ സൂപ്പർസീഡ് ചെയ്താൽ മൂന്നു വർഷം ആ സൂപ്പർസീഡ്ചെയ്ത നടപടി നിലനിൽക്കുകയും ചെയ്യും. അഞ്ചു വർഷം കാലാവധിയുള്ള ഒരു പഞ്ചായത്ത് സൂപ്പർസീഡ് ചെയ്തത് മൂന്നു വർഷം സൂപ്പർസീഡ് ചെയ്ത നിലയിൽ നിൽക്കണമെന്നു വന്നാൽ അതു വലിയ അപകടമാണ്. ഈരാറ്റുപേട്ട പഞ്ചായത്ത് പിരിച്ചുവിടാനുള്ള സാഹചര്യമാണ് അതിലും വിചിത്രമായുള്ളത്. സൂപ്പർസീഡ് ചെയ്ത ഈരാറ്റുപേട്ട പഞ്ചായത്ത് നിയമത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം രണ്ടു വർഷത്തിനകം പുനഃസംഘടിപ്പിക്കാൻ കഴിയാതെ

LIBRARY ARCHIVES Kerala Legislative Assembly

വന്നതുകൊണ്ട്. ആ നടപടി സാധൂകരിക്കുന്നതിനുവേണ്ടി പഞ്ചായത്ത് നിയമത്തിലെ 55-ാം വകുപ്പിൽ ഒന്നാം ഉപവകുപ്പിൽ രണ്ടു വർഷത്തെ കാലാവധി എന്നത് മൂന്നു വർഷമായി ഉയർത്തി. ഇതൊക്കെ ചെയ്തതുകൊണ്ട് കേരളത്തിലെ ആയിരത്തോളം പഞ്ചായത്തുകളുടെ നേരെ അവർക്കുള്ള അധികാരത്തിൽ വീണ്ടും ഗവൺമെന്റ് ഇടപെട്ട് പഞ്ചായത്തിന്റെ ജനാധിപത്യാവകാശങ്ങൾ നിഹനിക്കുകയാണ് ചെയ്തിരിക്കുന്നത്. പിരിച്ചുവിട്ട് മൂന്നു വർഷക്കാലം ഗവൺമെന്റിനോ ഭരണകക്ഷിക്ക് ഇഷ്ടമുള്ള ആളുകളെയൊക്കെവച്ച് ഭരണം നടത്താമെന്നാണ് ഈ ഭേദഗതി അംഗീകരിച്ചാൽ വന്നുചേരുക. ഇത് പഞ്ചായത്തുകളുടെ ജനാധിപത്യപരമായ ഭരണത്തിന്റെ കഴുത്തിൽ കത്തിവയ്ക്കുന്ന ഏർപ്പാടാണ്. ഈരാറ്റുപേട്ട പഞ്ചായത്തിന്റെ കാര്യമെടുത്താൽ പിരിച്ചുവിട്ട നടപടി വളരെ രസാവഹമാണ്. 1963-ൽ ഈരാറ്റുപേട്ട പഞ്ചായത്ത് തിരഞ്ഞെടുത്തുകഴിഞ്ഞപ്പോൾ തിരഞ്ഞെടുക്കപ്പെട്ട ഏഴംഗങ്ങൾ അന്നുതന്നെ പഞ്ചായത്തു നിയമപ്രകാരമുണ്ട്. അന്ന് സ്ത്രീകൾക്ക് സംവരണമില്ല, നോമിനേഷനാണ്. അങ്ങനെ നോമിനേറ്റു ചെയ്യപ്പെട്ട വനിതാമെമ്പർ ഉൾപ്പെടെ എട്ടംഗങ്ങളുള്ള പഞ്ചായത്ത്. ആ പഞ്ചായത്ത്, പഞ്ചായത്ത് ആക്ടിലെ വ്യവസ്ഥയനുസരിച്ച് ഒരു പ്രസിഡണ്ടിനെ തിരഞ്ഞെടുത്തു. അങ്ങനെ തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തു പ്രസിഡണ്ട് ഈ വകുപ്പുകൾ കൈകാര്യം ചെയ്തുപോന്നിരുന്നു. അദ്ദേഹം മുസ്ലിം ലീഗിന്റെ രഷ്ട്രീയപ്പാർട്ടിക്കാരനല്ലായിരുന്നു. പ്രസിഡണ്ട് ഒരു കോൺഗ്രസ്സുകാരനായിരുന്നു. അങ്ങനെ കോൺഗ്രസുകാരനായ പ്രസിഡന്റ് ആ പഞ്ചായത്ത് ഭരിക്കുന്നത് നല്ലതല്ലെന്നു തോന്നി. അദ്ദേഹം പ്രസിഡണ്ടായി രണ്ടു വർഷം കഴിഞ്ഞപ്പോൾ ഒരു അവിശ്വാസപ്രമേയം കൊണ്ടുവന്ന് അദ്ദേഹത്തെ പുറത്താക്കി. അദ്ദേഹത്തെ പുറത്താക്കി വൈസ് പ്രസിഡണ്ട് ചാർജു വഹിച്ച് പ്രവർത്തിച്ചുപോരുകയായിരുന്നു. അങ്ങനെ പ്രവർത്തിച്ചുവരുന്ന സന്ദർഭത്തിൽ രണ്ടു പഞ്ചായത്തുമെമ്പർമാർ അന്തരിച്ചു. പഞ്ചായത്തിലെ വനിതാമെമ്പർ പഞ്ചായത്തിന്റെ അതിർത്തിയിൽനിന്ന് താമസം മാറ്റിയതുകാരണം മെമ്പർസ്ഥാനം നഷ്ടപ്പെട്ടു. ആ പഞ്ചായത്തിലുണ്ടായിരുന്ന ഏക കേരള കോൺഗ്രസ്സംഗമായിരുന്ന ഒരാൾ തന്റെ അംഗത്വം രാജിവെച്ചു. ഇങ്ങനെ നാലുപേർ ഇല്ലാതായി. പഞ്ചായത്തുനിയമപ്രകാരം ചെയ്യേണ്ടത് ഒഴിവു വന്ന സ്ഥാനത്തേക്ക് തിരഞ്ഞെടുപ്പു നടത്തുകയാണ്. തിരഞ്ഞെടുപ്പു നടത്തി ഒഴിവു നികത്തി പഞ്ചായത്ത് ജനാധിപത്യപരമായി പ്രവർത്തിക്കുകയാണ് വേണ്ടത്. എന്നാൽ ഈരാറ്റുപേട്ട പഞ്ചായത്തിൽ ഉണ്ടായത് എന്താണെന്നു ചോദിച്ചാൽ വൈസ് പ്രസിഡണ്ട് പ്രസിഡണ്ടിന്റെ ചുമതല നാലര വർഷക്കാലം വഹിച്ചു. അങ്ങനെയിരുന്ന സന്ദർഭത്തിൽ ആ പഞ്ചായത്ത് പിരിച്ചുവിടാൻ ഗവൺമെന്റ് പറഞ്ഞ ന്യായം പഞ്ചായത്ത് പ്രസിഡണ്ടിനെ തിരഞ്ഞെടുക്കാൻ കഴിയാതെവന്നിരിക്കുന്നു എന്നാണ്. അതിന് പഞ്ചായത്ത് എന്തു കുറ്റം ചെയ്തു. പഞ്ചായത്തു നിയമപ്രകാരം പഞ്ചായത്തു പ്രസിഡണ്ടിനെ തിരഞ്ഞെടുക്കാൻ തിരഞ്ഞെടുപ്പു നടത്താൻ അധികാരമുള്ള ഉദ്യോഗസ്ഥൻ തിരഞ്ഞെടുപ്പു വയ്ക്കണം. അങ്ങനെ തിരഞ്ഞെടുപ്പു വെച്ച് തിരഞ്ഞെടുപ്പിലൂടെ നിലവിലുള്ള അംഗങ്ങളിൽ ഏതെങ്കിലും ഒരാളെ പഞ്ചായത്തുപ്രസിഡണ്ടായി തീരുമാനിക്കണം; അതു ചെയ്യാനുള്ള ബാധ്യത, ആ അധികാരം നിക്ഷിപ്തമായിട്ടുള്ള ഉദ്യോഗസ്ഥനിലാണ്. അതു ചെയ്യാൻ കൂട്ടാക്കിയില്ല. എന്നിട്ട് പിരിച്ചുവിടാൻ പറഞ്ഞ ന്യായം പഞ്ചായത്തു പ്രസിഡണ്ടിനെ തിരഞ്ഞെടുക്കാൻ കഴിയാതെ വന്നിരിക്കുന്നു, അതുകൊണ്ട് ഈരാറ്റുപേട്ട പഞ്ചായത്ത് പിരിച്ചുവിടണം. പിരിച്ചുവിട്ടുകൊണ്ട് എടുത്ത തീരുമാനമോ? ശ്രീമാൻ നഹ ഗവൺമെന്റിൽ നിക്ഷിപ്തമല്ലാത്ത അധികാരം വിനിയോഗിച്ച് പഞ്ചായത്ത് പിരിച്ചുവിട്ടിട്ട് ഒരു അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ഉണ്ടാക്കി. നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തുനിയമത്തിൽ പഞ്ചായത്ത് സൂപ്പർസീഡ് ചെയ്യുന്ന വകുപ്പ് 55(1) ആണ്. അതിൽ ഒരിടത്തും അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ കാര്യംപറയുന്നില്ല. 'എ പേഴ്സൺ', ഒരാളെമാത്രമേ നിയമിക്കാവൂ. എന്നാൽ ഈ ബില്ലിന്റെ ഓബ്ജക്ട്സ് ആൻറ് റീസൺസിൽ വളരെ സൗകര്യപൂർവ്വം ഒരു കാര്യം പറഞ്ഞിട്ടുണ്ട്. ഇതിൽ പറയുന്നത് പേഴ്സൺ എന്നാണ്. പഞ്ചായത്ത് ആക്ടു പ്രകാരം ഇങ്ങനെ സൂപ്പർസീഡ് ചെയ്താൽ അതിന്റെ സ്ഥാനത്ത് ഒരാളെ നിയമിക്കാം. അയാൾ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറായി പഞ്ചായത്തിന്റെ പ്രവർത്തനം നടത്തണം. രണ്ടു വർഷം മാത്രമേ സൂപ്പർസീഡ് ചെയ്തിട്ടുള്ള കാലാവധി ഉണ്ടാകാൻ പാടുള്ളൂ. ഈ നിയമം ലംഘിച്ചുകൊണ്ട് ഒരു അഡ്മിനിസ്ട്രേറ്റീവ് ആഫീസറെ നിയമിക്കുന്നതിനു പകരം പഞ്ചായത്ത് പിരിച്ചുവിട്ടുകൊണ്ട് ഗവൺമെൻറ് പുറപ്പെടുവിച്ച ഉത്തരവു പ്രകാരം അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ഉണ്ടാക്കി. അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ പ്രസിഡണ്ടായി നിയമിച്ച ആൾ കോട്ടയം ജില്ലാ മുസ്ലീം ലീഗിന്റെ സെക്രട്ടറി. ഏഴു തിരഞ്ഞെടുക്കപ്പെട്ട ആളുകളും ഒരു നോമിനേറ്റ് ചെയ്ത വനിതയും ഉൾപ്പെടെ എട്ട് അംഗങ്ങൾ മാത്രം ഉണ്ടായിരിക്കേണ്ട പഞ്ചായത്ത് സൂപ്പർസീഡ് ചെയ്തുകൊണ്ട് മുസ്ലീംലീഗിന്റെ ജില്ലാ സെക്രട്ടറിയെ നിയമത്തിനു വിരുദ്ധമായി പഞ്ചായത്തു പ്രസിഡണ്ടായി നിയോഗിച്ചുകൊണ്ട് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ഉണ്ടാക്കിയപ്പോൾ എട്ടിനു പകരം മെമ്പർമാരുടെ എണ്ണം പത്താക്കി. നിലവിലുണ്ടായിരുന്ന നാലുപേരും അതിന്റെ കൂടെ ആറുപേരേയും കൂടി ചേർത്തുകൊണ്ടാണ് പഞ്ചായത്ത് നിയമരഹിതമായി പുനഃസംഘടിപ്പിച്ചത്. അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ഉണ്ടാക്കിയത്, നിയമത്തിലൊന്നും സൂപ്പർസീഡ് ചെയ്താൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ഉണ്ടാക്കാമെന്നു പറയുന്നില്ല. ഏതെങ്കിലും ഒരാളെ സ്പെഷ്യലാഫീസറായി നിയമിക്കാനേ അധികാരമുള്ളൂ. പഞ്ചായത്ത് സൂപ്പർസീഡ് ചെയ്തുകൊണ്ട് നിയമരഹിതമായി അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ഉണ്ടാക്കിയപ്പോൾ പഞ്ചായത്തിലെ നിലവിലുള്ള നിയമങ്ങൾക്കെതിരായി പക്ഷപാതപരമായി സ്വന്തം പാർട്ടിക്കാരുടെ താൽപ്പര്യത്തിനനുസരിച്ച് പ്രവർത്തിച്ചിരിക്കുന്നു എന്ന കാരണത്താൽ അതിനുമുമ്പ് പ്രസിഡണ്ടായിരുന്ന ആൾ ഹൈക്കോടതിയിൽ റിട്ടുകൊടുത്തു. ആ റിട്ട് നിലവിലിരിക്കുമ്പോൾ ഇതിന്റെ കാലാവധി ദീർഘിപ്പിച്ചുകൊണ്ട് ഗവൺമെൻറ് ഒരു കൽപ്പന പുറപ്പെടുവിച്ചു. ഇങ്ങനെ പഞ്ചായത്തുകളുടെയെല്ലാം കാലാവധി ദീർഘിപ്പിച്ചപ്പോൾ ഈരാറ്റുപേട്ട പഞ്ചായത്തിന്റെ കാലാവധി ദീർഘിപ്പിച്ചില്ല. എന്റെ കൈയിൽ ഉത്തരവിന്റെ നമ്പരുണ്ട്. അതു കഴിഞ്ഞതിനുശേഷം ഭേദഗതി കൊണ്ടുവന്നു. ആ ഭേദഗതിമൂലം കാലാവധി ദീർഘിപ്പിച്ചു എന്നു പറഞ്ഞാണ് ഹൈക്കോടതിയിൽ റിട്ടു പോയത്.

1 p.m. റിട്ട് ഹൈക്കോടതിയിലിരിക്കുമ്പോഴാണ് ഗവൺമെൻറിൽ അന്ന് ഈ വകുപ്പിന്റെ ചുമതല വഹിച്ചിരുന്ന മന്ത്രി സ്വന്തം കക്ഷിക്കുവേണ്ടി നിയമരഹിതമായി ഈരാറ്റുപേട്ട പഞ്ചായത്തിനെ സൂപ്പർസീഡ് ചെയ്തുകൊണ്ട് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയമിച്ചതു സംബന്ധിച്ച് ബോധ്യമായത്. അപ്പോൾ എന്തു ചെയ്തു? കോട്ടയം ഡിസ്ട്രിക്ട് പഞ്ചായത്താഫീസറെ അഡ്മിനിസ്ട്രേറ്റീവ് ആഫീസറായി നിയമിച്ചുകൊണ്ട് വേറൊരു കൽപ്പന പുറപ്പെടുവിച്ചു. അപ്പോഴേ ബോധം വന്നിട്ടുള്ളൂ. അങ്ങനെ നിയമരഹിതമായാണ് അക്കാര്യത്തിൽ പ്രവർത്തിച്ചത്. ഇത്തരത്തിൽ നിയമരഹിതമായി പ്രവർത്തിച്ച ഈരാറ്റുപേട്ട പഞ്ചായത്തിനെ പിരിച്ചുവിട്ട് നിയമപരമായി പഞ്ചായത്തിന് ഒരു അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ വയ്ക്കാൻ പാടില്ലാത്ത സാഹചര്യത്തിൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുണ്ടാക്കി. അതിൽ

LIBRARY ARCHIVES Kerala Legislative Assembly

സ്വന്തം പാർട്ടിക്കാരിൽ 5 പേരെ തിരുകിക്കയറ്റി. സ്വന്തം പാർട്ടിയുടെ കോട്ടയം ജില്ലാ സെക്രട്ടറിയായിരുന്ന ആളെ പഞ്ചായത്തു പ്രസിഡണ്ടായി നിയമിച്ചു. അതു കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടപ്പോൾ അതു മാറ്റി കോട്ടയം ഡിസ്ട്രിക്ട് പഞ്ചായത്താഫീസറെ സ്പെഷ്യലാഫീസറായി നിയമിച്ചു. അതു ചെയ്തുകഴിഞ്ഞാലും പിന്നെ നിയമപ്രകാരം രണ്ടു വർഷം കഴിയുമ്പോൾ ആ പഞ്ചായത്ത് റീകോൺസ്റ്റിറ്റ്യൂട്ട് ചെയ്യണ്ടേ, അതു ചെയ്തില്ല. അങ്ങനെ തുടർന്നുപോയി. അങ്ങനെ ചെയ്യാൻ പാടില്ലാത്തതു ചെയ്തതിനുശേഷം ഈ സഭ മുൻപാകെ ഇപ്പോൾ വരുന്നതോ? ചെയ്യാൻപാടില്ലാത്ത കുറ്റം ചെയ്തിട്ട് ആ കുറ്റത്തിനു ന്യായീകരണമായി ഈ ബില്ലുമായി വന്നാൽ എനിക്കതിൽ വിരോധമില്ല, കാരണം കുറ്റബോധം നല്ലതാണ്. ആ കുറ്റം പരിഹരിക്കുവാനുള്ള നടപടി സ്വീകരിക്കുന്നത് നല്ലതാണ്. പക്ഷെ അതിനുവേണ്ടി നമ്മുടെ കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളെയെല്ലാംതന്നെ രണ്ടു വർഷം സൂപ്പർസീഡ് ചെയ്യാമെന്നുള്ളത് മൂന്നു വർഷമായി ഉയർത്തുന്നു. ഇപ്പോൾ പഞ്ചായത്തു തിരഞ്ഞെടുപ്പു കഴിഞ്ഞ സാഹചര്യത്തിൽ ഈരാറ്റുപേട്ട പഞ്ചായത്തിന്റെ മനോഭാവം വച്ചുകൊണ്ടാണ് ഗവൺമെന്റ് പ്രവർത്തിക്കുന്നതെങ്കിലോ? വലിയ അപകടമാണ്. അവർക്കിഷ്ടമില്ലാത്ത ആളുകളെ, ജനങ്ങൾ വോട്ടു ചെയ്ത് ജയിപ്പിച്ച ആളുകളെ എന്തും ചെയ്യാൻ കഴിയും. ഇന്നാണെങ്കിൽ മറ്റു കക്ഷികളിൽപ്പെട്ട പഞ്ചായത്ത് പ്രസിഡണ്ടൻമാർ എണ്ണത്തിൽ ജാസ്തിയായിരിക്കുകയാണ്. അങ്ങനെ നിലവിൽ വന്നപ്പോൾ അവർക്കെതിരായി ഈരാറ്റുപേട്ട പഞ്ചായത്തിൽ ചെയ്ത കുറ്റം പരിഹരിക്കുവാൻ എന്നു പറഞ്ഞുകൊണ്ട് 2 വർഷം എന്ന കാലാവധി മൂന്നു വർഷമായി ഉയർത്തി. ഇതു തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളുടെ ജനാധിപത്യാവകാശങ്ങളുടെ നേരെ പ്രയോഗിക്കുവാൻ ഇടയാക്കും. അതുകൊണ്ട് തെറ്റു ചെയ്തു, അതിനു പരിഹാരമുണ്ടാക്കാൻ വേണ്ടിയാണെന്നു പറഞ്ഞുകൊണ്ട് കൊണ്ടുവരുന്ന ഈ നിയമഭേദഗതി പഞ്ചായത്തുനിയമത്തിലെ ജനാധിപത്യാവകാശങ്ങളുടെ മേലുള്ള വലിയൊരു കടന്നാക്രമണമായിരിക്കും. അതുകൊണ്ടാണ് ഈരാറ്റുപേട്ട പഞ്ചായത്തിന്റെ കാര്യത്തിൽ എടുത്ത നടപടി. സ്വന്തം പാർട്ടിയുടെ താൽപ്പര്യം സംരക്ഷിക്കുവാൻവേണ്ടി നിയമരഹിതമായി പ്രവർത്തിച്ചത്, ആ പ്രവൃത്തിക്കു നിയമത്തിന്റെ അംഗീകാരം കിട്ടാൻവേണ്ടി ഇപ്പോൾ മൂന്നു വർഷമായി ഉയർത്തുന്നത്. ഇങ്ങനെ ഉയർത്തിയാൽ അതു പഞ്ചായത്തുകളുടെ ജനാധിപത്യപരമായ പ്രവർത്തനങ്ങൾക്കു കണ്ംകോടാലി ആയിരിക്കും. അതുകൊണ്ട് യാതൊരു കാരണവശാലും ഈ നിയമഭേദഗതി അംഗീകരിക്കുവാൻ നിർവാഹമില്ല. അതുകൊണ്ട് ഈ നിയമഭേദഗതി ഈരാറ്റുപേട്ട പഞ്ചായത്തിന്റെ അനുവേം വച്ചുകൊണ്ട് സർക്കുലേറ്റ് ചെയ്യണം. ഈരാറ്റുപേട്ട പഞ്ചായത്തിൽ ഇങ്ങനെയൊരു അപകടം സംഭവിച്ചിരിക്കുന്നു. ഞങ്ങൾ സ്വീകരിച്ച നടപടികൾ ഇതെല്ലാമാണ്, അതുകൊണ്ട് പഞ്ചായത്താക്ടിൽ ഇന്നു നിലവിലുള്ള 2 വർഷമെന്നുള്ളത് 3 വർഷമാക്കണം. എന്ന കാര്യം ജനങ്ങളുടെ അഭിപ്രായത്തിനു വിട്ട് അതിന്റെ അടിസ്ഥാനത്തിൽ ഈ ഭേദഗതി അംഗീകരിക്കാനുള്ള നടപടി സ്വീകരിക്കാം. അതുകൊണ്ടാണ് ഈ ബിൽ സർക്കുലേറ്റ് ചെയ്യണമെന്ന് ഞാനാവശ്യപ്പെടുന്നത്.

ശ്രീ. എം. സത്യനേശൻ: സർ, ഈരാറ്റുപേട്ട പഞ്ചായത്ത് സൂപ്പർസീഡ് ചെയ്തിട്ട് രണ്ടു കൊല്ലക്കാലം അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ വച്ചശേഷം വീണ്ടും അതു വർദ്ധിപ്പിച്ച് മൂന്നു വർഷമായി മാറ്റാൻ ശ്രമിക്കുന്ന ഈ ഭേദഗതി അംഗീകരിക്കുവാൻ പാടില്ലെന്നുള്ളതാണ് എന്റെ അഭിപ്രായം. ഞാനിതു പറയാൻ കാരണമുണ്ട്. നമ്മുടെ മുൻ പഞ്ചായത്തു വകുപ്പുമന്ത്രി ഇക്കഴിഞ്ഞ കാലങ്ങളിൽ നിരവധി പഞ്ചായത്തുകളിൽ ഇതു

LIBRARY ARCHIVES Kerala Legislative Assembly

പോലെ നിയമവിരുദ്ധമായി അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഉദാഹരണമായി തിരുവനന്തപുരം ജില്ലയിൽത്തന്നെ കുറ്റിച്ചൽ എന്ന പഞ്ചായത്തിൽ അന്നു നിലവിലിരുന്ന ഭരണസമിതിയെ പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ കൊണ്ടുവരികയും ഭരണലീഗിന്റെ തിരുവനന്തപുരത്തെ ഒരു പ്രമുഖ നേതാവിനെ അവിടെ പ്രസിഡണ്ടായി കൊണ്ടുവരികയും ചെയ്തു.

മി. ചെയർമാൻ: ഇങ്ങനെ എല്ലാ പഞ്ചായത്തുകളേയും സംബന്ധിച്ചു പറഞ്ഞാൽ കൂടുതൽ സമയം ഇരിക്കേണ്ടിവരും.

ശ്രീ. എം. സത്യനേശൻ: അതുപോലെതന്നെ കള്ളിക്കാട്ടും ചെയ്തു. നമ്മുടെ രാജ്യത്തിലെ പല പഞ്ചായത്തുകളിലും തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തു കമ്മിറ്റികളെ പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റികളെ കൊണ്ടുവന്നിട്ടുണ്ട്. ഇപ്പോഴും അവിടെയെല്ലാം തിരഞ്ഞെടുപ്പു നടന്നു. അവിടെയെല്ലാം ലീഗിന്റെയാളുകളും പരാജയപ്പെട്ടു. കുറ്റിച്ചൽ പരാജയപ്പെട്ടു, കള്ളിക്കാട്ട് പരാജയപ്പെട്ടു. 3 വർഷത്തേക്ക് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ കൊണ്ടുവരികയെന്നു പറഞ്ഞാൽ ശരിയല്ല. 930-ൽപ്പരം പഞ്ചായത്തുകളിൽ തിരഞ്ഞെടുപ്പു കഴിഞ്ഞിട്ട് ബഹുഭൂരിപക്ഷം വരുന്ന പഞ്ചായത്തുകളും ഇന്നത്തെ ഭരണകക്ഷികൾക്കെതിരായി വിധിയെഴുതുകയുണ്ടായി. അറുന്നൂറോളം പഞ്ചായത്തുകളിൽ ഇന്ന് വ്യത്യസ്തമായ ഭരണസംവിധാനം നിലവിൽ വന്നിരിക്കുകയാണ്. ഇന്നു ഈ ഭേദഗതി അംഗീകരിച്ചുകൊടുത്താൽ ഈ രാജ്യത്തെമ്പാടും പഞ്ചായത്തുകളെ നിയമവിരുദ്ധമായി പിരിച്ചുവിടും, അവിടെ ഭരണകക്ഷിക്കാരെ തിരുകിക്കയറ്റും. അതു കൊണ്ടാണ് ഇതിനു നിയമപ്രാബല്യം കൊടുക്കരുതെന്നു പറയുന്നത്. അങ്ങനെ കൊടുത്താൽ ഇക്കഴിഞ്ഞ പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ വിജയിച്ച മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടേയും പ്രതിപക്ഷങ്ങളുടേയും ഭരണസമിതികളെ പിരിച്ചുവിടാൻവേണ്ടി അധികാരം ദുരുപയോഗപ്പെടുത്തും. അതുകൊണ്ടാണ് ഞാൻ ഇതിനെ എതിർക്കുന്നത്.

ശ്രീ. എൻ. സുബ്രഹ്മണ്യ ഷേണായി: ശ്രീമാൻ എം. കെ. കൃഷ്ണൻ പറഞ്ഞതുപോലെയല്ല ഞാൻ പറയുന്നത്. മന്ത്രിമാർക്ക് ഈ അധികാരം കൊടുക്കാനേ പാടില്ല. 1970-ലെ ഇലക്ഷൻകാലത്ത് രാമങ്കരി പഞ്ചായത്തിൽ ലീഗുകാരും ഞങ്ങളും തമ്മിൽ ഒരു ഏറ്റുമുട്ടലുണ്ടായി. മാർക്സിസ്റ്റുകാരനായ ഒ. കെ. കുഞ്ഞിക്കണ്ണൻ മരണപ്പെട്ടു. മറുഭാഗത്ത് ഒരു മുസ്ലീം കാരണവരും മരണപ്പെട്ടു. ആ പഞ്ചായത്ത് പിന്നീട് സൂപ്പർസീഡ് ചെയ്തിട്ട് മറ്റേഭാഗത്തെ കൊലക്കേസിലെ പ്രതിയെ പ്രസിഡൻറാക്കി അവരോധിച്ചു. ഇപ്പോഴും അവിടെ ഒരു തെരഞ്ഞെടുപ്പു നടത്തിയാൽ ലീഗിനു കിട്ടുകയില്ല. അതുകൊണ്ട് എന്റെ പഞ്ചായത്തിനോടൊപ്പംതന്നെ ആ പഞ്ചായത്തു തെരഞ്ഞെടുപ്പും മാറ്റിവച്ചു. പഞ്ചായത്താക്ടനുസരിച്ച് വാർഡുവിഭജനം നടത്തേണ്ടതു തൊട്ടുകിടക്കുന്നതും ഭൂമിശാസ്ത്രപരമായ അതിർത്തിയും നോക്കി ആയിരിക്കണം. എന്നാൽ ഗവൺമെൻറ് ഇപ്പോഴും വാർഡുവിഭജനം നടത്തിയിരിക്കുന്നത്, 600 ലീഗുകാർ ഉള്ള ഒരു സ്ഥലം, അതിനടുത്തുള്ള കുറെ ഹിന്ദുക്കളെ വിട്ടിട്ട് അപ്പുറത്ത് 300 മുസ്ലീങ്ങളുള്ള മറ്റൊരു സ്ഥലവുംകൂടി ചേർത്ത് കണ്ടംവെച്ച കോട്ടുപോലെയാണ്. അങ്ങനെ ജയിച്ചുകളയാമെന്നാണ്. രാമങ്കരി പഞ്ചായത്തിൽ അധികാരം ദുരുപയോഗപ്പെടുത്തിയതുപോലെ പയ്യന്നൂർ പഞ്ചായത്തിലെ കാര്യം ഞാൻ പറയാം. രണ്ടു ഡസൻ സ്റ്റേ ഉണ്ട്. മന്ത്രി സ്റ്റേ ടൈപ്പുചെയ്തു വച്ചിട്ടുണ്ട്, അതിൽ ചേർക്കേണ്ടത്, സുബ്രഹ്മണ്യഷേണായി, പയ്യന്നൂർ

LIBRARY ARCHIVES Kerala Legislative Assembly

എന്നുമാത്രം, ഒരു പ്രശ്നവും ചേർക്കണം. ഇരുപതോളം സ്റ്റേ എന്റെ കൈവശമുണ്ട്. അത് ഞാൻ പിന്നെ ഒരു അവസരത്തിൽ പറയാം.

ശ്രീ. പി. കരുണാകരൻ: കഴിഞ്ഞ നിയമസഭകളിൽ പഞ്ചായത്തു തെരഞ്ഞെടുപ്പ് മാറ്റിവയ്ക്കണമെന്ന ഭേദഗതിയുമായാണ് ഗവൺമെന്റ് വരാറുള്ളത്. ഈ പ്രാവശ്യവും പഞ്ചായത്തിനെ വിട്ടുകളഞ്ഞിട്ടില്ല. ഈ പ്രാവശ്യം ഒരു പഞ്ചായത്തിലെ ഒരു സംഭവം മുൻനിറുത്തിക്കൊണ്ട് കേരളത്തിലെ ആകമാനം പഞ്ചായത്തുകളുടെ കാലാവധി നീട്ടുക, ജനാധിപത്യാവകാശം നിഷേധിക്കുക എന്നുള്ള സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. സർ, ഈ പ്രാവശ്യം എല്ലാ പഞ്ചായത്തുകളുടെയും തെരഞ്ഞെടുപ്പു നടന്നിട്ടില്ലെന്നു പറഞ്ഞു. എന്തുകൊണ്ടാണ് നടക്കാതിരുന്നത്. പയ്യന്നൂർ പഞ്ചായത്തിന്റെ കാര്യം കഴിഞ്ഞപ്രാവശ്യം ഞാൻ ഇവിടെ പറഞ്ഞു. ശ്രീമാൻ ഷേണായിയെ പഞ്ചായത്ത് പ്രസിഡൻറുസ്ഥാനത്തുനിന്ന് ഇനിയും മോചിപ്പിച്ചിട്ടില്ല. അദ്ദേഹം ഇപ്പോഴും പഞ്ചായത്ത് പ്രസിഡൻറുതന്നെയാണ്. പോളിംഗ് സ്റ്റേഷൻ തീരുമാനിച്ചുകഴിഞ്ഞതിനുശേഷം വാർഡുവിഭജനത്തിനുള്ള ആർഡറുമായിട്ട് അന്നത്തെ മന്ത്രി നഹ ഫോണിൽ വിളിച്ചുപറയുകയാണ്. അതിനെതിരായിട്ട് അവിടത്തെ പ്രസിഡൻറും പഞ്ചായത്തുബോർഡും കോടതിയിൽ പോയതിനെ തുടർന്നാണ് പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്താതിരുന്നത്. കണ്ണൂർ ജില്ലയിൽ തന്നെ പോളിംഗ് സ്റ്റേഷൻ തീരുമാനിച്ചതിനുശേഷം ആറേഴു പഞ്ചായത്തുകളിൽ വാർഡുവിഭജനവുമായി ഗവൺമെൻറ് വരികയും ആ പ്രശ്നം ഉയർത്തിക്കൊണ്ട് പഞ്ചായത്തുതെരഞ്ഞെടുപ്പ് നടത്താതിരിക്കുകയും ആണ് ചെയ്തത്. സർ, 1960-ലെ പഞ്ചായത്താക്ടനുസരിച്ച് രണ്ടു വർഷത്തേയ്ക്ക് സൂപ്പർസീഡ് ചെയ്യാനുള്ള അവകാശമുണ്ട്. ഈ രണ്ടു കൊല്ലത്തിനുള്ളിൽ പഞ്ചായത്ത് റീകോൺസ്റ്റിറ്റ്യൂട്ട് ചെയ്യുകയോ തെരഞ്ഞെടുപ്പു നടത്തുകയോ ചെയ്യാൻ എത്ര സമയം വേണം. ആ രണ്ടു വർഷം പോരാഞ്ഞിട്ട് വീണ്ടും മൂന്നു വർഷമായി നീട്ടിയിരിക്കുകയാണ്. ആറാറുമാസം എന്നു പറഞ്ഞിട്ടുണ്ടെങ്കിൽപോലും ഗവൺമെൻറിനു മൂന്നു വർഷത്തേയ്ക്ക് നീട്ടാം. കാരണം, ഇന്ന് തെരഞ്ഞെടുപ്പ് നടത്താത്ത പല പഞ്ചായത്തുകളും ഉണ്ട്. ആ പഞ്ചായത്തുകളുടെ കാലാവധി നീട്ടി തങ്ങൾ ഉദ്ദേശിച്ച രീതിയിൽ വാർഡുവിഭജനം നടത്തി അതിനുശേഷം തെരഞ്ഞെടുപ്പ് നടത്തുക. അതിന് ഈരാറ്റുപേട്ട പഞ്ചായത്തിന്റെ പേരുപറയുക.

ശ്രീ. എൻ. സുബ്രഹ്മണ്യ ഷേണായി: വാർഡുവിഭജനം എന്നു പറയുന്നതുകേട്ടാൽ നിഷ്പക്ഷമായ വാർഡുവിഭജനം എന്നു തോന്നിപ്പോകും. മുസ്ലീംലീഗുകാർക്ക് അനുകൂലമായി വാർഡുവിഭജനം നടത്താൻ വേണ്ടിയാണെന്നുള്ളതു ശരിയല്ലേ?

ശ്രീ. പി. കരുണാകരൻ: തീർച്ചയായും. അങ്ങനെ വാർഡുവിഭജനം നടത്തിയിട്ടും രക്ഷപ്പെടാൻ കഴിഞ്ഞിട്ടില്ല. ചെറുവത്തൂർ പഞ്ചായത്തിൽ ഷേണായി പറഞ്ഞതുപോലെയാണ് നടന്നത്. അവിടെ വിജയിക്കാൻ കഴിഞ്ഞിട്ടില്ല. പയ്യന്നൂർ പഞ്ചായത്തിലും അതുപോലെ മറ്റു പല പഞ്ചായത്തുകളിലും വാർഡുവിഭജനത്തിന്റെ പേരുപറഞ്ഞാണ് പഞ്ചായത്തു തെരഞ്ഞെടുപ്പ് നടത്താതിരുന്നത്. വേറൊരു കാരണവും പറയാൻ കഴിയുകയില്ല. തെരഞ്ഞെടുപ്പ് നടത്താത്ത പഞ്ചായത്ത് എടുത്ത് പരിശോധിച്ചുനോക്കിയാൽ തങ്ങളുടെ ഇഷ്ടം സാധിക്കാത്ത പഞ്ചായത്തുകളിലേതാണ് മാറ്റിവച്ചിരിക്കുന്നതെന്നു കാണാൻ സാധിക്കും.. ഈ പറഞ്ഞ കാലഘട്ടത്തിനുള്ളിൽ തെരഞ്ഞെടുപ്പ് നടത്താൻ സാധിച്ചിട്ടില്ല. പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്താൻ കഴിയുന്നില്ല. അതുകൊണ്ട് ഇത്

LIBRARY ARCHIVES Kerala Legislative Assembly

ദുരുദ്ദേശപരമാണ്. പ്രത്യേക കാര്യസാധ്യത്തിനാണ്, അവരുടെ ആവശ്യത്തിനുവേണ്ടിയുള്ളതാണ്. അതുകൊണ്ട് ഞാൻ ശക്തിയായി എതിർക്കുന്നു.

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: സർ, ഈ ബില്ല് ഇത്രയധികം സംസാരിക്കാൻമാത്രം വകയില്ലെന്നാണ് ഞാൻ പറയുന്നത്. ആദ്യമായി എല്ലാ പഞ്ചായത്തുകളിലും കമ്മിറ്റികൾ ഉണ്ടായി. തെരഞ്ഞെടുക്കപ്പെട്ട കമ്മിറ്റികളുടെതന്നെ കാലാവധി പത്തുപന്ത്രണ്ടുവർഷം നീട്ടിക്കൊടുത്തു. ഈരാറ്റുപേട്ട പഞ്ചായത്തിൽ ആ പഞ്ചായത്ത് പിരിച്ചുവിടേണ്ടിവന്നു. പിരിച്ചുവിടേണ്ടിവന്നപ്പോൾ സ്വാഭാവികമായും അവിടെ ഒരു അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയാണ് ഉണ്ടാക്കിയത്. പിന്നെ നോക്കുമ്പോൾ കമ്മിറ്റി ഉണ്ടാക്കാൻ നിയമമില്ല.

ശ്രീ. എം. കെ. കൃഷ്ണൻ: സൂപ്പർസീഡുചെയ്ത കമ്മിറ്റിയുടെ പ്രസിഡൻറ് ആരായിരുന്നു?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: പറയാം. ഒരു പേഴ്സനെ വയ്ക്കാനേ നിയമമുള്ളു എന്നാണ് നിയമം പരിശോധിച്ചപ്പോൾ മനസ്സിലായത്. നമ്മുടെ ഇവിടെ പുതുതായി രൂപീകരിച്ച മുനിസിപ്പാലിറ്റികളിലെല്ലാംതന്നെ കമ്മിറ്റികൾ വേണമെന്നു പറഞ്ഞുകൊണ്ടാണ് ഞങ്ങളെ സമീപിക്കുന്നത്. കമ്മിറ്റി ഉണ്ടാക്കാൻ നിയമമില്ലാത്തതുകൊണ്ട് അതുണ്ടാക്കിയില്ല. ഇത് പിരിച്ചുവിട്ടാലുള്ള കാലാവധി നിയമപ്രകാരം രണ്ടു കൊല്ലമേ ഉള്ളു. ആ അവധി നീട്ടാതിരിക്കണമെങ്കിൽ ആ രണ്ടു കൊല്ലത്തിനുള്ളിൽ തെരഞ്ഞെടുപ്പു നടത്തണം. ഈരാറ്റുപേട്ട പഞ്ചായത്തിൽ മാത്രമായി തെരഞ്ഞെടുപ്പു നടത്താൻ സാധ്യമല്ലെന്നുള്ളതുകൊണ്ടാണ് അതിന്റെ കാലാവധി തൽക്കാലം നീട്ടിക്കൊണ്ട്....

ശ്രീ. എം. കെ. കൃഷ്ണൻ: ഈരാറ്റുപേട്ട പഞ്ചായത്തിൽ തെരഞ്ഞെടുപ്പു നടത്താൻ പറ്റുകയില്ലെന്ന് പറഞ്ഞത് എന്തുകൊണ്ടാണ്. ഞാൻ പ്രസിഡൻറായ അവസരത്തിൽ എന്റെ പഞ്ചായത്തിൽ രണ്ടു മെമ്പർൻമാരുടെ സ്ഥാനം ഒഴിവു വന്നപ്പോൾ തെരഞ്ഞെടുപ്പു നടത്താൻ എന്തുകൊണ്ടാണ് സാധിച്ചത്?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: ശരിയായിരിക്കാം. ആയിരക്കണക്കായ പഞ്ചായത്തുകളിൽ മിക്കവാറും പഞ്ചായത്തുകളിൽ പല സ്ഥാനങ്ങളും ഒഴിഞ്ഞുകിടക്കുകയായിരുന്നു. നമുക്കെല്ലാവർക്കും അറിയാവുന്ന കാര്യമാണ്, അവിടെയൊന്നും തെരഞ്ഞെടുപ്പു നടത്തിയിട്ടില്ല. പഞ്ചായത്തു തെരഞ്ഞെടുപ്പുതന്നെ നീണ്ടുപോയി. അങ്ങനെയിരിക്കെ ഈരാറ്റുപേട്ട പഞ്ചായത്തിൽമാത്രം തെരഞ്ഞെടുപ്പു നടത്തുക സാധ്യമല്ലെന്നുള്ളതുകൊണ്ടാണ് അന്ന് കമ്മിറ്റിയെ വച്ചത്. ആ കമ്മിറ്റിയുടെ പ്രസിഡൻറ് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഞങ്ങളുടെ ജില്ലാ ലീഗിന്റെ സെക്രട്ടറിയായിരുന്നു. അതിൽ യാതൊരു അവിഹിതമായ പ്രവൃത്തിയും ഇല്ലെന്ന് കഴിഞ്ഞ തെരഞ്ഞെടുപ്പുതന്നെ തെളിയിച്ചു. പഞ്ചായത്ത് തെരഞ്ഞെടുപ്പ് കഴിഞ്ഞു. ഇന്നും അദ്ദേഹം തന്നെയാണ് തെരഞ്ഞെടുക്കപ്പെട്ട പ്രസിഡൻറ്. അതുകൊണ്ട് അതിൽ യാതൊരു അപാകതയും ഞങ്ങൾ ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അങ്ങനെയാണെങ്കിൽ മുമ്പു ഭരിച്ചിരുന്നതിൽനിന്നും വിരുദ്ധമായി പ്രസിഡൻറൻമാരും മെമ്പറൻമാരും വന്നപ്പോഴും നേരത്തെ ചെയ്ത സംഗതികൾ പിശകായിരുന്നു എന്നും തെളിഞ്ഞില്ലേ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: ഇല്ല. അദ്ദേഹം പ്രസിഡൻറായിരുന്നു കമ്മിറ്റിയുടെ. കമ്മിറ്റിയുടെ കാലാവധി കഴിഞ്ഞു. പിന്നീട് ജനങ്ങൾ അംഗീകരിച്ച് അദ്ദേഹം പ്രസിഡൻറായി വന്നു.

(ബഹളം)

പിന്നെ വാർഡുവിഭജനത്തെപ്പറ്റി ഇവിടെ ആക്ഷേപം പറഞ്ഞു. ഈ തെരഞ്ഞെടുപ്പിൽ ഞങ്ങൾ ജയിച്ചു എന്നു പറയുന്ന ഒരു കക്ഷി പിന്നെയും ഈ വാർഡുവിഭജനത്തിൽ അപാകതയുണ്ടെന്ന് പറയുന്നത് എന്തൊരു വിരോധാഭാസമാണ്. അപ്പോൾ അന്നുണ്ടായിരുന്ന പേഴ്സൺ എന്നുള്ളതിനുപകരം ജനങ്ങൾ ആഗ്രഹിക്കുന്ന പ്രകാരം കമ്മിറ്റി ഉണ്ടാക്കണമെന്നുള്ളതും രണ്ടു കൊല്ലം എന്നുള്ളത് മൂന്നു കൊല്ലം എന്നാക്കണമെന്നുള്ളതുമാണ് ഭേദഗതി. രണ്ടു കൊല്ലം എന്ന് ജനങ്ങളായിട്ട് ഗവൺമെൻറിന് നീട്ടണമെന്ന് ആഗ്രഹമുണ്ടായതുകൊണ്ടല്ല. അന്നത്തെ സാഹചര്യം നിർബന്ധിതമാക്കിയതുകൊണ്ടാണ് ഇങ്ങനെ ഒരു ഓർഡിനൻസ് കൊണ്ടുവന്നത്. അതുകൊണ്ട് ഇതിൽ വലിയ തർക്കവിഷയമൊന്നുമില്ല.

മുഖ്യമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സർ, പഞ്ചായത്തു വകുപ്പിനുവേണ്ടിയുള്ള ഉപധനാഭ്യർത്ഥനക്ക് ചേർന്ന പ്രസംഗങ്ങളാണ് ഇപ്പോൾ നടന്നത്. വാർഡുവിഭജനം, പഞ്ചായത്ത് പിരിച്ചുവിടൽ, കമ്മിറ്റി രൂപീകരിക്കൽ, അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ഭരണം ഏർപ്പെടുത്തൽ മുതലായി ആകാശത്തിനു കീഴിലുള്ള എല്ലാ വിഷയങ്ങളെപ്പറ്റിയും ബഹുമാനപ്പെട്ട മെമ്പറൻമാർ പറഞ്ഞിട്ടുണ്ട്. ഈരാറ്റുപേട്ട പഞ്ചായത്തിനെ സംബന്ധിച്ച് പത്തുകൊല്ലം ഈ രാജ്യത്ത് പഞ്ചായത്തുവകുപ്പ് നിഷ്പക്ഷമായും പ്രാപ്തമായും സമർത്ഥമായും ഭരിച്ച ബഹുമാനപ്പെട്ട നഹാസാഹിബ് വ്യക്തമായി പറഞ്ഞുകഴിഞ്ഞ സ്ഥിതിക്ക് ഞാൻ കൂടുതലായി ഒന്നും പറയുന്നില്ല.

The amendment moved by Sri M. K. Krishnan was put and lost.

The question that the Kerala Panchayats' (Amendment) Bill, 1979 be taken into consideration was put and carried.

The Bill was taken into consideration.

Clause 2

Sri M. K. Krishnan: Sir, I move:

(1) In sub-section (1) of section 55 of the principal Act proposed to be amended by sub-clause (1) of clause 2, the portion beginning with the word "which" and ending with the words "three years" shall be deleted.

LIBRARY ARCHIVES Kerala Legislative Assembly

(2) In sub-section (4) of section 55 of the principal Act proposed to be substituted by sub-clause (2) of clause 2, for the words beginning with "as far as" and ending with "by a Special Officer" the words "by a Special Officer appointed by the Government for this purpose" shall be substituted.

(3) In sub-section (4-A) proposed to be inserted in section 55 of the principal Act by sub-clause (2) of clause 2, the words beginning with "The Administrative" and ending with "or" shall be deleted.

(4) In sub-section (4-B) proposed to be inserted in the principal Act by sub-clause (2) of clause 2, the words "The Administrative Committee or" shall be deleted.

സർ, 55 (1)-നുവേണ്ടിയാണ് മേൽകൊടുത്തിട്ടുള്ള അമെൻഡുമെൻറു കഠം കൊണ്ടുവന്നത്. ഒരു പഞ്ചായത്ത് സൂപ്പർസീഡ് ചെയ്തുകഴിഞ്ഞാൽ അതിൻെറ കാലാവധി ആറുമാസം മാത്രമേ ആകാവൂ. അതാണ് എൻെറ ഭേഗതിയുടെ സത്ത. പഞ്ചായത്തു തെരഞ്ഞെടുപ്പ് നടത്താൻ അത്ര വലിയ ബുദ്ധിമുട്ടൊന്നുമില്ല. കാരണം, പഞ്ചായത്തുതെരഞ്ഞെടുപ്പ് നടത്തുന്നത് പഞ്ചായത്തിൻെറ ചെലവിലാണ്, അപ്പോഴപ്പിന്നെ എന്താണതിൻെറ പ്രയാസമെന്നു മനസ്സിലാകുന്നില്ല. ഏതെങ്കിലുമൊരു പഞ്ചായത്ത്, നിയമപ്രകാരം പ്രവർത്തിക്കാൻ യോഗ്യമല്ലെന്നു ഗവൺമെൻറിനു ബോദ്ധ്യപ്പെട്ടാൽ പിരിച്ചുവിടൽ നടപടിയുമായി മൂന്നുവർഷംവരെ പോകണമെന്നുള്ളതാണ് ബില്ലിലെ ഭേഗതി. അത് അനുവദിക്കുന്നത് ശരിയല്ല. അതിനുപകരം ആറുമാസമാക്കണമെന്നുള്ളതാണ് എൻെറ ഭേഗതി. അങ്ങനെയാക്കുമ്പോഴപ്പിന്നെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ ആവശ്യംതന്നെ വരുന്നില്ല. പതിനെട്ടുവയസ് പൂർത്തിയായവർക്ക് വോട്ടവകാശം കൊടുത്തുകൊണ്ട് കൂടുതൽ ജനാധിപത്യപരമായി തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള പഞ്ചായത്തുകളിൽ ഗവൺമെൻറിനു തോന്നുന്ന ആളുകളെ മെമ്പർമാരായി നിയമിച്ച് ഭരണം നടത്തുക എന്നത് ജനാധിപത്യ മര്യാദക്കെതിരാണ്, ജനാധിപത്യ തത്വങ്ങൾക്കെതിരാണ്. അതുകൊണ്ട് സൂപ്പർസീഡ് ചെയ്യുന്ന പഞ്ചായത്തുകളുടെ കാലാവധി ആറുമാസമാക്കുകയും അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിക്കുപകരം ഒരു സ്പെഷ്യലാഫീസറെ വയ്ക്കുകയും ചെയ്യണമെന്നാണെൻെറ അഭിപ്രായം. ആ ആറുമാസത്തിനകം പഞ്ചായത്തിൽ തെരഞ്ഞെടുപ്പു നടത്തി പുതിയ പ്രതിനിധികളെ വരട്ടെ. അതാണ് യഥാർത്ഥത്തിൽ വേണ്ടത്. തൊടുപുഴ താലൂക്കിൽ കുമാരമംഗലത്ത് ഇതുപോലൊരു പഞ്ചായത്ത് ബഹുമാനപ്പെട്ട നഫാസാഹിബ് പിരിച്ചുവിട്ടു. അവസാനം അത് ഹൈക്കോടതിയിൽ പോയപ്പോഴും ഹൈക്കോടതി പറഞ്ഞു ആ നടപടി പിശകാണ് പഴയ പഞ്ചായത്ത് റസ്റ്റോർ ചെയ്യണം എന്ന്. പഞ്ചായത്തിൻെറ കാലാവധി അഞ്ചുവർഷമാണ്. അഞ്ചുവർഷം കഴിയുമ്പോഴും തിരഞ്ഞെടുപ്പു നടത്തണം എന്നാണ് നിയമത്തിലുള്ളതെങ്കിലും അഞ്ചുവർഷംതന്നെ ആയിക്കൊള്ളണമെന്നില്ലെന്നുള്ളതാണ് ഗവൺമെൻറിൻെറ പക്ഷം. എന്തെന്നാൽ കഴിഞ്ഞ പഞ്ചായത്തു തെരഞ്ഞെടുപ്പു നടന്നത് പതിനാറുവർഷത്തിനുശേഷമാണല്ലോ. ഈ നടപടി ഇനിയും ആവർത്തിക്കാതിരിക്കണം. ഈരാറ്റുപേട്ട പഞ്ചായത്തിലെ കാര്യം ഞാൻ പറയാം. അവസാനമായി ശ്രീമാൻ ഉമ്മൻചാണ്ടി നഫാസാഹിബിനോടൊരു കാര്യം പറഞ്ഞു. അതായത് ഈരാറ്റുപേട്ട പഞ്ചായത്ത് പുനഃസംഘടിപ്പിച്ച് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ഉണ്ടാക്കുമ്പോഴും ദയവുചെയ്ത്

LIBRARY ARCHIVES Kerala Legislative Assembly

ഒരു കോൺഗ്രസുകാരനെ അതിൽ നോമിനേറ്റ് ചെയ്യണം എന്ന്. ഉമ്മൻ ചാണ്ടിയുടെ ആ അപേക്ഷ നമ്മാസാഹിബ് തിരസ്ക്കരിച്ചു. ഒരൊറ്റ കോൺഗ്രസ്സുകാരനെയും ആ കമ്മിറ്റിയിൽ കൊണ്ടുവന്നില്ല. അങ്ങനെയുള്ള അനുഭവമിരിക്കെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയമിക്കാനുള്ള ഈ നിർദ്ദേശം അപകടം പിടിച്ചതാണ്; പഞ്ചായത്തിന്റെ ജനാധിപത്യപരമായ പ്രവർത്തനത്തെ തടസ്സപ്പെടുത്തലാണ്. ജനാധിപത്യ സമ്പ്രദായത്തെ കഴുത്തു ഞെരിച്ചു കൊല്ലുന്ന ഈ നിയമഭേദഗതി ഉപേക്ഷിക്കണമെന്നും എന്റെ ഭേദഗതികൾ സ്വീകരിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സർ, ഞാൻ ഈ ഭേദഗതികളെ എതിർക്കുകയാണ്. ശ്രീ. കൃഷ്ണൻ വൃഥാ വികാരഭരിതനാകുകയാണ്. ഈരാറ്റുപേട്ട പഞ്ചായത്തിൽമാത്രം എലക്ഷൻ നടത്തിയിരുന്നെങ്കിൽ ബഹുമാനപ്പെട്ട കൃഷ്ണൻ പറയുമായിരുന്നു അവിടെ മുസ്ലീം ലീഗുകാരനായതുകൊണ്ടാണ് തിരഞ്ഞെടുപ്പു നടത്തിയതെന്ന്. തിരഞ്ഞെടുപ്പു നടത്തിയാലും കുറ്റം ഇല്ലെങ്കിലും കുറ്റം. ഈ ഭേദഗതികളെ ഞാൻ എതിർക്കുന്നു.

The amendments moved by Sri M. K. Krishnan were put and lost.

The question that clause 2 stands part of the Bill was put and carried.

Clause 2 was added to the Bill.

Clause 3

ശ്രീ. എം. കെ. കൃഷ്ണൻ: ഇതു ഞാൻ നേരത്തേ പറഞ്ഞ കാര്യം തന്നെയാണ്. ഈരാറ്റുപേട്ട പഞ്ചായത്തിൽ സർക്കാർ ഒരു തെറ്റുചെയ്തു. ആ തെറ്റ് നിയമപുസ്തകത്തിൽ കൂടി എഴുതിവയ്ക്കരുതെന്നാണെന്റെ അഭ്യർത്ഥന. നമ്മുടെ നിയമസഭയുടെ അന്തസ്സിനു യോജിച്ച നടപടിയല്ല ഇത്.

The question that Clause 3 stands part of the Bill was put and carried.

Clause 3 was added to the Bill.

Clause 4

The question that Clause 4 stands part of the Bill was put and carried.

Clause 4 was added to the Bill.

Clause 1, Preamble and Title

The question that Clause 1, Preamble and Title stand part of the Bill was put and carried.

Clause 1, Preamble and Title were added to the Bill.

LIBRARY ARCHIVES Kerala Legislative Assembly

Chief Minister **(Sri C. H. Mohammed Koya):** Sir, I move that the Kerala Panchayats (Amendment) Bill, 1979 be finally passed.

Sri M. K. Raghavan: Sir, I second it.

ശ്രീ. എം. വി. രാഘവൻ: സർ, ഈ ഭേദഗതി നിയമം നമ്മുടെ നിയമ പുസ്തകത്തിലെ പരിഹാസ്യമായ ഒരു നിയമം ആണ്. പഞ്ചായത്തുകളെ പത്തുകൊല്ലം ശ്രീമാൻ നഹ ഭരിച്ചു എന്നാണ് ശ്രീമാൻ കോയ ഇപ്പോൾ പറഞ്ഞത്. ഈ പത്തുകൊല്ലത്തെ ഭരണം എന്നു പറയുന്നത്, കറുത്ത പുസ്തകത്തിൽ എഴുതേണ്ടതാണ്. സ്വയംഭരണസ്ഥാപനങ്ങളിലെ ജനാധിപത്യത്തെ കശാപ്പു ചെയ്ത കറുത്ത പുസ്തകം എന്നാണ് മുസ്ലിം ലീഗിന്റെ നേതാവായ നഹ ഭരിച്ച കാലത്തെപ്പറ്റി എഴുതേണ്ടതേ. ഇവിടെ പഞ്ചായത്തു തെരഞ്ഞെടുപ്പുകൾ പത്തുകൊല്ലം നീട്ടിയത് ആ കാലത്താണ്. അതുപോലെതന്നെ പഞ്ചായത്തുകളിലെ എല്ലാ വിധത്തിലുമുള്ള ജനാധിപത്യക്രമങ്ങളെയും അപകടപ്പെടുത്തിയത് ആ കാലത്താണ്. ഇപ്പോൾ ശ്രീമാൻ കോയയുടെ കൈവശം വച്ചുകൊണ്ട് അവസാനത്തെ കളിയാണ് കളിക്കുന്നത്. ഇനി ദിവസം ഉണ്ടോ എന്ന് അറിയില്ല. ഇരാറ്റുപേട്ട പഞ്ചായത്തിന്റെ ചരിത്രം ഞാൻ പറയുന്നില്ല. അതു ഇവിടെ പറഞ്ഞു കഴിഞ്ഞു. കോയ പറയുന്നത് ഈരാറ്റുപേട്ട പഞ്ചായത്തിൽ ഞങ്ങളാണ് ജയിച്ചത് എന്നാണ്, പിന്നെ എന്തിനാണ് നിങ്ങൾ പിരിച്ചുവിട്ടത്? തെരഞ്ഞെടുപ്പ് നടത്താതെ ഇരിക്കുന്നത് എന്തിനാണ്? രാജ്യത്ത് തെരഞ്ഞെടുപ്പ് കഴിഞ്ഞ പഞ്ചായത്തുതന്നെ വീണ്ടും ഭോഗിക്കാൻവേണ്ടി ഉത്തരവു പുറപ്പെടുവിച്ചിരിക്കുകയാണ്; ലീഗിന് പഞ്ചായത്തു കിട്ടുമെന്നുള്ളതുകൊണ്ട്. ഈ പഞ്ചായത്തു ഡിപ്പാർട്ടുമെന്റ് എന്നു പറയുന്നത് മുസ്ലിംലീഗിന്റെ ആഫീസൊന്നുമല്ല. മുസ്ലിംലീഗിന്റെ തറവാട്ടുസ്വത്തൊന്നുമല്ല. ശ്രീമാൻ നഹയും കോയയും ഒന്നു മനസ്സിലാക്കണം—നഹ ഇനി മനസ്സിലാക്കിയിട്ടു കാര്യമില്ല. ഇപ്പോൾ പുറത്താണ്. നാളെ മന്ത്രിയാകുമോ എന്നറിയില്ല. ഈ മന്ത്രിസഭ എത്രനാൾ നിലനിൽക്കുമെന്നറിയില്ല.—ഈ രാജ്യത്തെ ഗവൺമെന്റും ഭരണവും എന്നു പറയുന്നത് മുസ്ലിംലീഗിന്റെ തറവാട് സ്വത്തൊന്നുമല്ല. ഇപ്പോൾ തെരഞ്ഞെടുപ്പു നടന്ന അലനല്ലൂർ എന്നു പറയുന്ന പഞ്ചായത്തിൽ നിന്ന് ഒരാൾ വന്നിരുന്നു. തെരഞ്ഞെടുപ്പു കഴിഞ്ഞിട്ട് രണ്ടാഴ്ച കഴിഞ്ഞില്ല. പഞ്ചായത്ത് ഭോഗിക്കാൻ നോട്ടീസ് കൊടുത്തിരിക്കുകയാണ്. കാരണം മുസ്ലിംലീഗ് തോറ്റുപോയി. അതുകൊണ്ട് ആ പഞ്ചായത്തു ഭോഗിച്ച് ഒരു പഞ്ചായത്ത് കിട്ടുമോ എന്നു നോക്കുകയാണ്, ഇത്ര വ്യഭിചരിക്കപ്പെടുന്ന ഒരു ഡിപ്പാർട്ടുമെന്റ് ഈ രാജ്യത്ത് ഉണ്ടോ? പത്തുകൊല്ലം നിങ്ങൾ ഭരിച്ച ഈ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ മുഴുവൻ നശിപ്പിച്ച, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ എല്ലാ വിധത്തിലുമുള്ള ജനാധിപത്യ അവകാശങ്ങളും മുടിച്ച ഒരു ഡിപ്പാർട്ടുമെന്റാണ് ഇത്. ഈയിടെ തൊള്ളായിരത്തിൽപരം പഞ്ചായത്തുകളുടെ പ്രസിഡന്റുമാർ സമ്മേളിച്ചു. നമ്മുടെ ബീരാനും ഉണ്ടായിരുന്നു. ആ പ്രസിഡന്റുമാർ സമ്മേളിച്ചപ്പോൾ നടന്ന ചർച്ചകൾ എന്താണെന്നുള്ളത് സമയമില്ലാത്തതുകൊണ്ട് ഞാൻ ഇവിടെ പറയുന്നില്ല. പഞ്ചായത്തു ഡിപ്പാർട്ടുമെന്റ് ശ്രീമാൻ നഹയുടെ നേതൃത്വത്തിൽ പഞ്ചായത്തുകളുടെ കഴുത്ത് എങ്ങനെയാണ് ഞെരിച്ചത് എന്നത് അവിടെ നടന്ന ചർച്ചകളിൽ നിന്നും മനസ്സിലാക്കാൻ സാധിച്ചു. പഞ്ചായത്തുകൾക്കുള്ള അധികാരങ്ങൾ എടുത്തുകളയുകയും പഞ്ചായത്തുകളെ റബ്ബർ സ്റ്റാമ്പാക്കി മാറ്റുകയും ആണ് നിങ്ങൾ ചെയ്തിട്ടുള്ളത്. ഇവിടെ നിയമസഭയിൽ ഒരു ഒഴിവുവന്നാൽ ആറുമാസം വേണ്ട തെരഞ്ഞെടുപ്പു നടത്താൻ. പഞ്ചായത്തിൽ ഒരു ഒഴിവുവന്നാൽ മൂന്നു കൊല്ലം വേണമെന്നാണ് പറഞ്ഞിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

എന്റെ കോയ! ഇത് എന്താ സുൽത്താൻ ഭരണമാണോ? ഇതു എന്തു ഭരണമാണ്? ഇതു എന്തു ഭരണമാണെന്ന് ആൻറണി ആലോചിക്കേണ്ടതാണ്. ഒരു പഞ്ചായത്തിൽ ഒഴിവുവന്നാൽ മൂന്നുകൊല്ലം വേണം തെരഞ്ഞെടുപ്പു നടത്താൻ. പഞ്ചായത്തു തിരഞ്ഞെടുപ്പു വരെ ഇല്ല എന്നു പറയുന്നതല്ലേ ഇതിനേക്കാൾ നല്ലത്.

ആൻറണി കൊട്ടിഘോഷിക്കപ്പെടുന്ന ഡിസ്ട്രിക്ട് കൗൺസിൽ ബില്ല് ഇവിടെ ഒരു കൊല്ലം മുമ്പു പാസാക്കിയിട്ടുണ്ട്. അതിൽ പഞ്ചായത്തുകളെ സംബന്ധിച്ച ചില ഭരമൻറുമെൻറുകൾ വരുത്തിയിട്ടുണ്ട്. എക്സിക്യൂട്ടീവ് അധികാരം ചിലതെല്ലാം പഞ്ചായത്തുകൾക്ക് കൊടുക്കും തെരഞ്ഞെടുക്കപ്പെട്ടവർക്ക് എന്ന് അതിൽ ഉണ്ട്. അത് അങ്ങോട്ട് അയച്ചോ, വന്നോ, അതിന്റെ ഗതി എന്തായി എന്നറിയില്ല. അയച്ചോ വന്നോ എന്താണ് അതിന്റെ ഗതി എന്നത് കോയ പറയേണ്ടതാണ്. ആ ഡിസ്ട്രിക്ട് കൗൺസിൽ ബില്ല് മരിച്ചോ ജീവിക്കുമോ, അതു നടപ്പിൽ വരുത്തുമോ അതുപോലെയുള്ള കാര്യങ്ങൾ കിടക്കുന്നു. ഡിസ്ട്രിക്ട് കൗൺസിൽ ബില്ലിൽത്തന്നെ ഈ പഞ്ചായത്തു ആക്ടിന് ഒരു അമൻറുമെൻറ് ഉണ്ട്. ആ അമൻറുമെൻറ് അടിസ്ഥാനപ്പെടുത്തി ചെറിയ ഒരു മാറ്റം ഈ പഞ്ചായത്തുകളിൽ തെരഞ്ഞെടുക്കപ്പെട്ടവരുടെ അധികാരത്തെ സംബന്ധിച്ച് വരുത്തേണ്ടതാണ്. ആ നിയമത്തിന്റെ കഥ അറിയില്ല. മുസ്ലിംലീഗ് എന്ന ഒരു കക്ഷി ഈ ഡിപ്പാർട്ടുമെൻറ് കൈകാര്യം ചെയ്തതു കൊണ്ട് കഴിഞ്ഞ പത്തുകൊല്ലമായി ഗ്രാമത്തിലെ ജനങ്ങളുടെ ജനാധിപത്യപരമായ അവകാശങ്ങൾ നശിപ്പിക്കുകയാണ് ചെയ്തത്. ആ നശിപ്പിക്കലിന് ഏറ്റവും വലിയ ഉദാഹരണമാണ് ഈ ബില്ല് പാസാക്കുന്നതോടുകൂടി ഉണ്ടാകുന്നത്. മൂന്നുകൊല്ലം ആയാലും ഒരു ഉപതെരഞ്ഞെടുപ്പു നടത്താൻ കഴിയുകയില്ല. ചരിത്രം നിങ്ങൾക്ക് മാപ്പു തരികയില്ല. അതു നിങ്ങൾ മനസ്സിലാക്കണം. ഇവിടെ ചില രാഷ്ട്രീയ ശക്തികൾക്ക് ശക്തി ഉള്ളതുകൊണ്ട് നിങ്ങൾക്ക് തൊപ്പി ഇട്ടിട്ട്, ചിലപ്പോൾ കസേരമേൽ ചടഞ്ഞുകൂടാൻ സാധിക്കും. കോയയ്ക്ക് മുഖ്യമന്ത്രിയുടെ തൊപ്പിയും ഇടാം. നഹയ്ക്ക് മന്ത്രി തൊപ്പിയും ഇടാം. ആ തൊപ്പിയിട്ട് നിങ്ങൾക്ക് ഭരിക്കാൻ കഴിയും. കേരളത്തിൽ മൽസരിക്കേണ്ട വേറെ ചില പാർട്ടികൾക്ക് ശക്തിയുള്ളതുകൊണ്ട്. ആ അഹന്തകൊണ്ടു കൊണ്ടുവന്ന ഭേഗതിയാണ് ഇത്. ആ അഹന്തകൊണ്ടാണ് ഇതു പാസാക്കാൻ നിങ്ങൾ ശ്രമിക്കുന്നത്. ഈ അഹന്ത നല്ലതിനല്ല. ഈ രാജ്യത്ത് ഇന്ദ്രയും അഹന്തയും കൊണ്ട് ഭരിക്കാൻ പുറപ്പെടുന്നതു നല്ലതിനല്ല. ഈ രാജ്യത്തെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ ജനാധിപത്യപരമായി തെരഞ്ഞെടുപ്പ് നടത്താനുള്ള അവകാശങ്ങളിൽ കത്തിവയ്ക്കുന്ന കശാപ്പുകാരാണ് ഈ രാജ്യത്തെ മുസ്ലിംലീഗ് നേതൃത്വം എന്നു പറയാതെയിരിക്കാൻ നിർവ്വാഹമില്ല. അതിന്റെ രീതിയാണ് ഇതിനുള്ളത് എന്ന് ഈ ബില്ല് പാസാക്കുന്നതിനു മുമ്പു ഞാൻ ഇവിടെ രേഖപ്പെടുത്തുന്നു.

മുഖ്യമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സർ, ശ്രീ. എം. വി. രാഘവൻ പറഞ്ഞ കാര്യങ്ങളൊന്നും ഗൗരവപൂർവ്വം പറഞ്ഞതാണെന്നു ഞാൻ വിചാരിക്കുന്നില്ല. ഈ ബില്ലിനെ സംബന്ധിച്ചും.....

ശ്രീ. എം. വി. രാഘവൻ: ഗൗരവപൂർവ്വം പറയാനാണെങ്കിൽ അങ്ങ് വരാം. ഇവിടെ പറഞ്ഞതൊന്നും ഗൗരവപൂർവ്വം അല്ലപോലും.....
.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: സർ, ഞാൻ സംസാരിക്കുമ്പോഴും മി. രാഘവനു സംസാരിക്കാൻ അധികാരമില്ല. ഒരാൾ എഴുന്നേറ്റു നിന്നു സംസാരിക്കുമ്പോഴും സംസാരിക്കാൻ അധികാരമില്ലാ എന്ന പ്രാഥമികമായ മര്യാദപോലും അറിയാതെ നിയമസഭയിൽ വന്നു എന്തെങ്കിലും പറയുന്നതു കൊണ്ടു ഒരു പ്രയോജനവുമില്ല.

(സഭയിൽ ബഹളം)

ഞങ്ങളുടെ അഹന്തകൊണ്ടാണു ഈ ബില്ലു പാസാക്കിയതു.....

ശ്രീ. എം. വി. രാഘവൻ: മുഖ്യമന്ത്രി മറുപടി പറയുമ്പോഴും എന്തെങ്കിലും പറഞ്ഞാൽ പോര. ഞാൻ ഗൗരവപൂർവ്വം തന്നെയാണു പറഞ്ഞതു.

ശ്രീ. സി. എച്ച്. മുഹമ്മദു കോയ: സർ, ഞാൻ വഴങ്ങുന്നില്ല. ഞാൻ സംസാരിച്ചുകൊണ്ടിരിക്കുന്നു. സഭയിൽ എല്ലാവർക്കും ഒരേ നിയമമാണു. ഞാൻ വഴങ്ങിയാൽ മാത്രമേ മറ്റുള്ളവർക്കു സംസാരിക്കാൻ പാടുള്ളൂ ശ്രീ. എം. വി. രാഘവനു ഒരു നിയമവും ബാധകമല്ല എന്നാണെങ്കിൽ ഞാൻ അദ്ദേഹത്തോടു വഴക്കിനു പോകുന്നില്ല. ഈ നിയമം പാസാക്കിത്തരണമെന്നഭ്യർത്ഥിക്കുകയാണു.

(സഭയിൽ ബഹളം)

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പർമാർ നിയമസഭയിൽ ഇരുന്നു അങ്ങോട്ടുമിങ്ങോട്ടും സംസാരിക്കാൻ പാടില്ല.

ശ്രീ. എം. വി. രാഘവൻ: ഒരു മെമ്പർ പ്രസംഗിച്ചത് ഗൗരവപൂർവ്വം പറഞ്ഞതല്ല എന്നോ? നിയമസഭയിൽ ഇങ്ങനെ പറയാൻ പാടില്ലെന്ന് അങ്ങോട്ടു പറഞ്ഞുകൊടുക്കണം.

മി. ചെയർമാൻ: ബഹുമാനപ്പെട്ട മന്ത്രി അദ്ദേഹത്തിന്റെ മറുപടി പ്രസംഗത്തിൽ അദ്ദേഹത്തിന്റെ അഭിപ്രായം പ്രകടിപ്പിച്ചു എന്നേ ഉള്ളൂ. നമ്മളും സംസാരിക്കുമ്പോഴും നിയമസഭയിൽ കൂടുതൽ നല്ല വാക്കുകളും ഉപയോഗിച്ചു സംസാരിക്കണം.

The question that the Kerala Panchayats (Amendment) Bill, 1979 be finally passed was put and carried.

The Bill was finally passed.

VI. 58-ാം ചട്ടപ്രകാരമുള്ള ചർച്ച

കയർ വ്യവസായത്തിലെ സ്തംഭനാവസ്ഥ

ശ്രീ. ആർ. എസ്. ഉണ്ണി: സർ, ഈ മാസം 23-ാം തീയതിയിലെ മലയാളമനോരമ പത്രത്തിൽ ഒരു വാർത്ത ഉണ്ടായിരുന്നു അതിൽനിന്നു ഒരു ഭാഗം ഞാൻവായിക്കുകയാണു.

"ശിവരാമൻ കമ്മിറ്റി റിപ്പോർട്ടിനെക്കുറിച്ചു ചർച്ച ചെയ്യുന്നതിനു ഡെൽഹിയിൽച്ചേർന്ന കമ്മിറ്റി യോഗത്തിൽ പങ്കെടുത്ത സംസ്ഥാന ഗവൺമെന്റിന്റെ പ്രതിനിധികൾക്ക് ഇതു സംബന്ധിച്ചു ഒരു വ്യക്തമായ നിർദ്ദേശം നൽകിയിരുന്നത്രേ. അതിനാൽ കമ്മിറ്റിയോഗം തീരുമാനമെടുക്കാതെ പിരിഞ്ഞു. അതിനാൽ തൊണ്ടുനിയന്ത്രണ ഉത്തരവിന്റെ

LIBRARY ARCHIVES Kerala Legislative Assembly